I/109393/2023

നം.DDDKER/293/2021-G3

ക്ഷീരവികസന വകുപ്പ് ഡയറക്ടറേറ്റ്
പട്ടം, തിരുവനന്തപുരം -695004
ഫോൺ :0471-2445749, 2445799
e-mail: dir.dairy@kerala.gov.in
cru.ddd@kerala.gov.in
തീയതി:-26-09-2023

**<u>സർക്കുലർ നം. 52/2023</u>**

വിഷയം:- ക്ഷീരവികസന വകുപ്പ് ക്ഷീരസംഘങ്ങളിൽ പെൻഡിംഗ് ആഡിറ്റുകൾ പൂർത്തിയാക്കൽ – മാർഗ്ഗനിർദ്ദേശങ്ങൾ നൽകുന്നത് – സംബന്ധിച്ച്

സൂചന:- സഹകരണ ആഡിറ്റ് ഡയറക്ടറുടെ 19/07/2023 ലെ എ.ഡി(4)1172/2021 നമ്പർ കത്ത്.

ക്ഷീരസംഘങ്ങളിൽ പരിശോധന നടത്തുമ്പോൾ ചില ക്ഷീരസഹകരണ സംഘങ്ങളിൽ നാൾവഴി, ജനറൽ ലഡ്ജർ, വരവ് ചെലവ് രജിസ്റ്റർ, വൗച്ചറുകൾ, പാൽവില വിതരണ രജിസ്റ്റർ തുടങ്ങിയവ സംഘം സെക്രട്ടറി, പ്രസിഡന്റ് അല്ലെങ്കിൽ ഉത്തരവാദിത്വപ്പെട്ടവർ പൂർണ്ണമായി സാക്ഷ്യപ്പെടുത്താത്ത സാഹചര്യം നിലവിലുള്ളതായി ബോധ്യമായിട്ടുണ്ട്. ഇത്തരം സാഹചര്യങ്ങളിൽ സംഘങ്ങളുടെ ആഡിറ്റുകൾ സമയബന്ധിതമായി പൂർത്തിയാക്കുന്നതിന് കഴിയാതെ വരുകയും ആയത് വ്യാപകമായ ആഡിറ്റ് കുടിശ്ശിക ആവുന്നതിന് സാഹചര്യമാകുന്നു. ആയതിനാൽ കുടിശ്ശിക ആഡിറ്റ് ചെയ്യുന്ന സംഘങ്ങളിലെ ആഡിറ്റ് വേളയിലെ സെക്രട്ടറി, പ്രസിഡന്റ് എന്നിവർ സംഘത്തിൽ നിന്നും രേഖകൾ സാക്ഷ്യപ്പെടുത്താതെ മാറിപ്പോയ സ്ഥിതി ഉണ്ടായിട്ടുണ്ടെങ്കിൽ സാക്ഷ്യപ്പെടുത്താത്ത രേഖകളിൽ നിലവിലെ സെക്രട്ടറി സാക്ഷ്യപ്പെടുത്തി ഭരണസമിതി പരിശോധിച്ച് പാസ്സാക്കി ഓഡിറ്റിനു സമർപ്പിക്കേണ്ടതാണ്. ആഡിറ്റ് സമയത്ത് ബാധ്യതകൾ കണ്ടെത്തുന്ന പക്ഷം ആയത് അതാത് കാലയളവിലെ ബന്ധപ്പെട്ട ഭരണസമിതി, സെക്രട്ടറി എന്നിവർ ഉത്തരവാദികളായിരിക്കും.

ജീവനക്കാരുടെ സ്ഥിര നിയമനം ഇല്ലാത്ത നിരവധി സംഘങ്ങൾ ക്ഷീരമേഖലയിൽ പ്രവർത്തിച്ചുവരുന്നുണ്ട്. മതിയായ പരിശീലനം ലഭിക്കാത്തതും ആവശ്യം വേണ്ട യോഗ്യതകൾ ഇല്ലാത്തതുമായുള്ള താൽക്കാലിക ജീവനക്കാർ ചെറിയ കാലയളവിലേക്ക് സംഘത്തിൽ ജോലി ചെയ്യുന്നതും ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്. ആയതുകൊണ്ടുതന്നെ ഒരു വർഷത്തിൽ ഒന്നിലധികം സെക്രട്ടറിമാർ ജോലി ചെയ്യുകയും കണക്കുകൾ പൂർത്തീകരിക്കാതെ സംഘത്തിൽ നിന്നും വിടുതൽ ചെയ്യുന്നതും ആഡിറ്റ് വേളയിൽ പ്രതിസന്ധികൾ സൃഷ്ടിക്കുന്നതിനാൽ സംഘത്തിൽ സെക്രട്ടറി സ്ഥാനത്ത് ഒഴിവ് വരുന്ന പക്ഷം നിർബന്ധമായും സ്ഥിരം നിയമനം നടത്തുന്നതിനും ടി നടപടികൾ പൂർത്തീകരിക്കുന്നത് വരെ പണമിടപാടുകൾ നടത്തുന്നതിന് ഹോണററി സെക്രട്ടറിയെ സംഘം ഭരണസമിതി അംഗങ്ങളിൽ നിന്നും ചുമതലപ്പെടുത്തേണ്ടതാണ്.

ക്ഷീരസംഘങ്ങൾ അംഗീകൃത സ്ഥാപനങ്ങളല്ലാതെ ഇടനിലക്കാരിൽ നിന്നും വാങ്ങുന്ന ചരക്കുകളുടെ ഇടപാടുരേഖകൾ, ബാക്കിനിൽപ്പ് സ്ഥിരീകരണം, എന്നിവ പലപ്പോഴും

ആഡിറ്റ് വേളയിൽ ലഭ്യമാകാതെ വരുന്നു. ആയതിനാൽ കാലിത്തീറ്റ ഉൾപ്പെടെയുള്ള വിൽപ്പന ചരക്കുകൾ വാങ്ങുന്നതിന് സംഘം ഭരണസമിതിയിലെ 3 അംഗങ്ങളിൽ കുറയാത്ത പേർ ഉൾപ്പെട്ട ഒരു പർച്ചേസിംഗ് കമ്മിറ്റിയെ സംഘം ഭരണസമിതി നിയമിക്കേണ്ടതാണ്. ഈ പർച്ചേസിംഗ് കമ്മിറ്റി വാങ്ങലിന്റെ ആവശ്യകത, വിൽപനചരക്കുകളുടെ സ്റ്റോക്ക്, സ്റ്റോക്ക് ബാലൻസ്, ഇടപാടുകൾ മുതലായവയെല്ലാം കൃത്യമായ ഇടവേളകളിൽ പരിശോധിച്ച് സുതാര്യത ഉറപ്പ് വരുത്തേണ്ടതാണ്.

വർഷങ്ങൾക്കുമുൻപ് പ്രവർത്തിച്ചതും എന്നാൽ പിന്നീട് പ്രവർത്തനം നിലച്ചതുമായ സംഘങ്ങളുടെ പ്രസ്തുത കാലയളവിലെ കുടിശ്ശിക ആഡിറ്റ് പൂർത്തീകരിക്കാതെ, പുനരുദ്ധരിച്ചതിനു ശേഷം മുൻ അംഗങ്ങളുമായി ബന്ധമില്ലാത്ത തികച്ചും പുതിയ അംഗങ്ങളുമായി വീണ്ടും പ്രവർത്തനം ആരംഭിച്ചതായ നിരവധി ക്ഷീരസംഘങ്ങൾ ഉണ്ട്. ടി സംഘങ്ങളുടെ കുടിശ്ശികആഡിറ്റ് കാലയളവിലെ റിക്കാർഡുകൾ ലഭ്യമല്ലാത്തതിനാൽ ആഡിറ്റ് പൂർത്തീകരിക്കാതെ വീണ്ടും പ്രവർത്തനം തുടങ്ങിയ വർഷങ്ങളിലെ ആഡിറ്റ് നടത്തുവാൻ സാധ്യമല്ല. മേൽ സംഘങ്ങൾ നിലവിലെ കണക്കുകൾ പൂർത്തീകരിച്ച് ആഡിറ്റിന് സമീപിക്കുമ്പോൾ ആഡിറ്റ് നടത്തുന്നതിനു സാധിക്കാത്ത സാഹചര്യമുള്ളതിനാൽ സംഘങ്ങൾ പുനരുദ്ധീകരിക്കുമ്പോൾ ആഡിറ്റ് നടന്നത് ഏതുവരെ, അതിനുശേഷം പ്രവർത്തനം നടന്ന കാലയളവിലെ കണക്കുകൾ ഉണ്ടോ എന്നു കൂടി പരിശോധിക്കുന്നതിനുള്ള നടപടികൾ സ്വീകരിക്കേണ്ടതാണ്.

പ്രവർത്തനം നിലച്ച കാലയളവിൽ സംഘത്തിൽ യാതൊരു ഇടപാടുകളോ ക്രയവിക്രയങ്ങളോ നടത്തിയിട്ടില്ലെങ്കിൽ ആയത് സംബന്ധിച്ച് സാക്ഷ്യപത്രം ആഡിറ്റർക്ക്, അഡ്മിനിസ്ട്രേറ്റർ/അഡ്മിനിസ്ട്രേറ്റീവ് കമ്മിറ്റി നൽകേണ്ടതാണ്. RNA സംഘങ്ങളിൽ ആഡിറ്റിനാവശ്യമായ കണക്കുകൾ തയ്യാറാക്കി നൽകുവാൻ അഡ്മിനിസ്ട്രേറ്റർ/ അഡ്മിനിസ്ട്രേറ്റീവ് കമ്മിറ്റിയെ അതാത് ഡെപ്യൂട്ടി ഡയറക്ടർമാർ ചുമതലപ്പെടുത്തേണ്ടതുമാണ്.

പ്രവർത്തനം നടക്കുകയും എന്നാൽ രേഖകൾ പൂർണ്ണമായും സംഘത്തിൽ ലഭ്യമാകാതിരിക്കുകയോ, നശിച്ച് പോയത് മൂലം വർഷങ്ങളായി ആഡിറ്റ് കുടിശ്ശിക സംഭവിക്കുന്ന പക്ഷം പ്രസ്തുത കാലയളവിലെ ലഭ്യമായ രേഖകൾ (ബാങ്ക് അക്കൗണ്ട് വിവരങ്ങൾ, മിൽമയിൽ നിന്നും ലഭ്യമാകുന്ന മിൽക്ക് ബിൽ, കാലിത്തീറ്റ ഇൻവോയ്സ് തുടങ്ങിയവ) ഉപയോഗിച്ച് ആഡിറ്റിന് ആവശ്യമായ രേഖകൾ നിലവിലുള്ള ഭരണസമിതി/ പാർട്ട് ടൈം അഡ്മിനിസ്ട്രേറ്റീവ് കമ്മറ്റി/അഡ്മിനിസ്ട്രേറ്റീവ് കമ്മറ്റി തയ്യാറാക്കി നൽകേണ്ടതും പെൻഡിംഗ് ആഡിറ്റുകൾ പൂർത്തിയാക്കേണ്ടതുമാണ്.

നിലവിൽ രേഖകളും രജിസ്റ്ററുകളും കൃത്യമായി എഴുതി സംഘത്തിൽ സൂക്ഷിക്കുന്നുണ്ടെങ്കിൽ പോലും വർഷങ്ങളായി കുടിശ്ശിക ആഡിറ്റുള്ള പക്ഷം ആയത് മേൽ വിവരിച്ച പ്രകാരം കണക്കുകൾ എഴുതി പൂർത്തിയാക്കിയെങ്കിൽ മാത്രമേ നിലവിലെ ആഡിറ്റ് നടത്തുവാൻ കഴിയുകയുള്ളൂ എന്ന് അറിയിക്കുന്നു.

മേൽ നിർദ്ദേശങ്ങൾ കൃത്യമായി പാലിക്കുന്നു എന്ന് ബന്ധപ്പെട്ട ഉദ്യോഗസ്ഥർ ഉറപ്പാക്കേണ്ടതാണ്.

**ക്ഷീരസഹകരണ സംഘം**
**രജിസ്ട്രാർ/ഡയറക്ടർ**

Signed by
Asif K Yusuf
Date: 26-09-2023 13:32:49

I/109393/2023

എല്ലാ ഡെപ്യൂട്ടി ഡയറക്ടർമാർക്കും
എല്ലാക്ഷീരപരിശീലനകേന്ദ്രം പ്രിൻസിപ്പാൾമാർക്കും

(ക്ഷീരസഹകരണ സംഘങ്ങളെ അറിയിക്കുന്നതിനായി )

പകർപ്പ്:

1. എല്ലാ ക്ഷീരവികസന ഓഫീസർമാർക്കും (ഡെപ്യൂട്ടി ഡയറക്ടർ മുഖേന)
2. ഈ ഓഫീസിലെ എല്ലാ ഓഫീസർമാർക്കും
3. സിസ്റ്റം അഡ്മിനിസ്ട്രേറ്റർ ( വകുപ്പുതല വെബ്സൈറ്റിൽ പ്രസിദ്ധീകരിക്കുന്നതിനായി )